നം കെഎസ്എ.കെടിഎം.പി.2/1908/16 തീയതി: 22.12.16

കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 12.8.16മുതൽ 30.11.16വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക് 30.11.16വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി സിനി എം.വി., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.12.16മുതൽ 09.12.16വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പി.ബി.നടരാജൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീ.മനേഷ് കുമാർ.ജി | സീനി.ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഷാജിമോൻ.പി.ബി. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ടെസിമോൾ മാത്യൂസ് | 1.4.15 മുതൽ 31.10.15വരെ |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 1)ശ്രീമതി. ഷേർലി ജോൺ, സെക്രട്ടറി<br>2)ശ്രീമതി. നളിനി.കെ.കെ. ഐ.സി.ഡി.എസ്.സൂപ്പർവൈസർ<br>3)ശ്രീമതി.നിഷാ മാമ്മൻ, കൃഷി ഓഫീസർ | 1.11.15മുതൽ19.11.15.വരെ |
| പ്രസിഡന്റ് | കുമാരി.ഷീബാമോൾ ജോസഫ് | 20.11.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | ശ്രീ. രമേഷ്.പി.ആർ | 1.4.15 മുതൽ |

| | | |
|---|---|---|
| | | 20.7.15വരെ |
| | ശ്രീമതി ഷേർലി ജോൺ | 21.7.15മുതൽ 31..3.16വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | | |
| അസിസ്റ്റന്റ് എൻജിനീയർ | ജെയിംസ് ജോർജ് | 1.4.15 മുതൽ 31.3.16 വരെ |
| ഡയറി ഫാം ഇൻസ്പക്ടർ | ശ്രീ. കണ്ണൻ.എം.വി | 16.6.15മുതൽ 31.3.16വരെ |
| കൃഷി ഓഫീസർ | ശ്രീമതി.നിഷാ മാമ്മൻ | 1.4.15മുതൽ31.3.16വരെ |
| വി.ഇ.ഒ | ശ്രീ.ജോൺസൺ. ജോർജ്.കെ. | 1.4.15മുതൽ31.3.16വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി.വിന്നിമോൾ ജോസ് | 1.4.15മുതൽ31.3.16വരെ |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ശ്രീമതി.നളിനി.കെ.കെ | 1.4.15മുതൽ31.3.16വരെ |
| എം.ഒ.സി.എച്ച്.സി. | ഡോ.വി.എൻ. സുകുമാരൻ | 1.4.15 മുതൽ31.3.16വരെ |
| എച്ച്.എം | ശ്രീമതി. ബീന.ജി.നായർ | 1.4.15മുതൽ31.3.16വരെ |
| എം.ഒ.ഹോമിയോ | ഡോ.ഡയാനാമോൾ. പി.വി | 1.4.15മുതൽ 22.6.15 വരെ |
| | ഡോ.ചാണ്ടി.ഇയുഡാനിയേൽ | 23.6.15മുതൽ 15.1.16വരെ |
| | ഡോ.സാജു സാം | 16.1.15മുതൽ 31.3.16വരെ |

ഉള്ളടക്കം


| ഖണ്ഡിക.നമ്പർ | വിഷയം |
|---|---|
| ഭാഗം 1--പൊതുഅവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |

| | |
|---|---|
| 1-11 | ഓഡിറ്റ് ഇംപാക്ട് ടാർ വീപ്പയുടെ വില ബില്ലിൽ നിന്ന് കുറവ് ചെയ്തില്ല |
| ഭാഗം 2--വരവുകണക്കുകൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | വസ്തുനികുതി |
| 2-3 | മൊബൈൽ ടവറുകൾ വസ്തുനികുതി ഒടുക്കുന്നില്ല. വൻതുക കുടിശിക |
| 2-4 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില തൃപ്തികരമല്ല |
| 2-5 | ഡി & ഒ ട്രേഡ് ലൈസൻസ് അപാകതകൾ |
| 2-6 | പരസ്യനികുതി പിരിക്കുന്നില്ല |
| | ഭാഗം 3 ചെലവു കണക്കുകൾ |
| 3-1 | വി.ഇ.ഒ. നിർവഹണം നടത്തിയ പദ്ധതികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| 3-2 | ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ |
| 3-3 | ട്രൈബൽ കോംപ്ലക്സ് പഞ്ചായത്തിന്റേതല്ലാത്ത വസ്തുവിൽ നിർമിച്ചത് |
| 3-4 | വൈദ്യുതീകരിക്കാത്ത സ്ഥാപനങ്ങൾക്ക് വൈദ്യുതോപകരണങ്ങൾ വാങ്ങി |
| 3-5 | പഴയ ഫോട്ടോസ്റ്റാറ്റ് മെഷീൻ നാളിതുവരെ ലേലം നടത്തിയില്ല |
| 3-6 | അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ് ഉറപ്പുവരുത്തുന്നില്ല |
| 3-7 | അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ വർധിപ്പിക്കേണ്ടത് അനിവാര്യം |
| 3-8 | തടിക്കാട് കുടിവെള്ളപദ്ധതി- വാട്ടർ ടാങ്ക് ഉപയോഗപ്രദമാക്കിയിട്ടില്ല- നിഷ്ക്രിയ ആസ്തിയാകാൻ സാധ്യത |
| 3-9 | വിനിയോഗ/പൂർത്തീകരണവിവരങ്ങൾ ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 3-10 | കോൺക്രീറ്റ് മിശ്രിതം നൽകുന്നതിൽ അധികനിരക്ക് |
| 3-11 | എം.ജി.എൻ.ആർ.ഇ.ജി.എസ്.- അധിക അളവ് രേഖപ്പെടുത്തി തുക നൽകി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം |

| | |
|---|---|
| 3-12 | മീഡിയാശ്രീ പ്രോജക്ട് നടപ്പായില്ല |
| 3-13 | തെരുവ് നായ്ക്കൾക്ക് വന്ധ്യംകരണം- തുക വിനിയോഗിച്ചതിന്റെ രേഖയില്ല |
| 3-14 | വിനിയോഗരേഖയുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. |
| 3-15 | അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4.1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4.2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4.3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4.4 | വായ്പ/വായ്പ തിരിച്ചടവ് |
| 4.5 | സ്ഥിര നിക്ഷേപങ്ങൾ |
| 4.6 | ഓഡിറ്റ് റിക്കവറി |
| 4.7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4.8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ പുതുക്കിയ ബജറ്റ് 26.03.2015 തിയതിയിലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 25.7.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷികധനകാര്യപത്രിക ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. ഓഡിറ്റ് സാക്ഷ്യപത്രം റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 6446154.40

വരവ് - 24664471

ആകെ - 31110625.40

ചെലവ് - 29850193

നീക്കിയിരിപ്പ്- 1260432.40

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | 'ട്രാൻഫർ ക്രഡിറ്റ് | നീക്കിയിരിപ്പ് (ആർ.പി. 40(ബി)) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 670433 | 575366 | 5366056 | 5366056 | +4120257 | 0 |
| വികസനഫണ്ട് എസ്.സി.പി. | 123971 | 244984 | 244984 | 244984 | -123971 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 1257112 | 5441083 | 6698195 (1.5 ലക്ഷം രൂപ വി.ഇ.ഒ.യ്ക്ക് നൽകിയത് ചെലവ് ബുക്ക് ചെയ്തിട്ടില്ല.) | 5291083 | -1257112 | 0 |
| 13-ാം ധനകാര്യകമ്മീഷൻ | 566771 | 3210241 | 2284339 | 2284339 | -1492673 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 1350000 | 1234459 | 1337958 | 1337958 | -1246501 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 48 | 4244929 | 4244977 | 4244977 | | 0 |
| എം.എൻ.ആർ.ഇ.ജി.എസ് | 209781 | 2216096 | 2425877 | 2425877 | | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 127 | 33012563 | 81 | 21921970 | 18 | 28 | 66.4 |

നേട്ടങ്ങൾ

1. ഉത്പാദനമേഖലയിൽ പശു വാങ്ങൽ, ആട് വാങ്ങൽ എന്നീയിനങ്ങളിൽ പദ്ധതനികൾ നടപ്പാക്കുക വഴി പട്ടികവർഗ വിഭാഗങ്ങളുടെ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ആക്കം കൂട്ടി
2. വിവിധ പദ്ധതികളിലൂടെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ചു.
3. ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ 13000 ലിറ്ററിന്റെ വാട്ടർ ടാങ്ക് സ്ഥാപിച്ച് ചുറ്റുമുള്ള പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പാക്കി

കോട്ടങ്ങൾ

1. മീഡിയാശ്രീ, ആദർശ് ഗ്രാമം എന്നീ പദ്ധതികൾ പൂർത്തീകരിച്ചില്ല
2. 143000 രൂപ മുടക്കി പഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങിയ സ്കാനർ ഉപയോഗശൂന്യമായി അവശേഷിക്കുന്നു.
3. കുഴൽക്കിണർ നിർമാണത്തിനായി പണം ചെലവഴിച്ചെങ്കിലും പദ്ധതി നടപ്പായില്ല

പദ്ധതികളുടെ മോണിട്ടറിങ് തുടർപരിശോധന എന്നിവയൊന്നും കാര്യക്ഷമമായി നടപ്പാക്കുന്നില്ല.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 33.12 ശതമാനം കുറവ്/ ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2244578 | 1677264 | 567314 | -33.82 |
| നികുതിയേതര വരവുകൾ | 165919 | 133378 | 32541 | 24.39 |
| മറ്റുവരവുകൾ | 0 | 0 | 0 | -24.30 |
| ആകെ | 2410497 | 1810642 | 599855 | 33.12 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 33600 | 26 |
| കർഷകതൊഴിലാളി പെൻഷൻ | 1110690 | 136 |
| വിധവാപെൻഷൻ | 1893120 | 186 |
| വാർദ്ധക്യകാലപെൻഷൻ | 4024200 | 502 |
| വികലാംഗപെൻഷൻ | 807020 | 72 |
| 50വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 300690 | 31 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8-12-16ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ2293 /രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6/16 | 6/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.5.2006മുതൽ 7.6.2006 വരെ | 1997-98 മുതൽ 2005-06 വരെ | LBA(HQ)/8A/995/337/ Dt.4.7.2006 |

## 1-11 ഓഡിറ്റ് ഇംപാക്ട്

ടാർ വീപ്പയുടെ വില ബില്ലിൽ നിന്നും കുറവ് ചെയ്തില്ല

പഞ്ചായത്തിൽ കൺവീനർ മുഖേന നിർവ്വഹിച്ച പ്രവൃത്തികളിൽ ടാർ ഉപയോഗിച്ചെങ്കിലും ടാർ വീപ്പയുടെ വില അവസാന ബില്ലിൽ നിന്നും കുറവ് ചെയ്തില്ല. വീപ്പ ഒന്നിന് 248രൂപയും 14% വാറ്റും ഉൾപ്പടെ ഈടാക്കേണ്ടിയിരുന്നു. മേൽ വിഷയത്തിന് 07.12.16 ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം- 8 നൽകിയതിന്റെ അടിസ്ഥാനത്തിൽ 9.12.16തീയതിയിലെ 11603101388മുതൽ 11603101399 വരെയുള്ള 10 രസീതുകൾ പ്രകാരം 26293 രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രസീത് ഹാജരാക്കിയിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

ഗ്രാമ പഞ്ചായത്തിന്റെ 2015-16വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടില്ല

2) വസ്തു നികുതി ഡിമാന്റ് /കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ വാർഷിക കണക്കുകളുമായി പോരുത്തപ്പെടുന്നില്ല.

3)കുഴൽ കിണർ നിർമ്മാണത്തിനായി ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച176000/രൂപ യഥാർത്ഥ ചെലവായാണ് ബുക്ക് ചെയ്തിട്ടുള്ളത്.

4) വി.ഇ.ഒ.യുടെ ബിൽ രജിസ്റ്റർ/ ഐ.കെ.എം. പത്രിക എന്നിവ പ്രകാരം 3909600/രൂപയാണ് നൽകിയിട്ടുള്ളത്. എന്നാൽ ബിൽ ബുക്ക് പ്രകാരം 4059600/രൂപ ചെലവഴിച്ചിട്ടുണ്ട്. 150000/രൂപയുടെ ചെലവ് ബുക്ക് ചെയ്തിട്ടില്ല.

5) രസീത് & പേമെന്റ് പത്രികയുടെ 31-ാം ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള ആകെ വരവിലും ചെലവിലും വ്യത്യാസമില്ലെങ്കിലും വികസനഫണ്ട് പൊതുവിഭാഗത്തിന്റെയും ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെയും വരവുചെലവ് വിവരങ്ങൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

## 2-2 വസ്തു നികുതി

വസ്തു നികുതി ഡിമാന്റ്/കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ എഴുതി പൂർത്തിയാക്കി ഡി.സി.ബി. തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിന് പകരം അയഥാർത്ഥമായ കണക്കുകൾ ഉൾപ്പെടുത്തി ധനകാര്യ പത്രിക തയ്യാറാക്കുകയാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം നികുതി ഡിമാന്റ് വിവരങ്ങൾ ഒന്നും തയ്യാറാക്കാതെ ധനകാര്യ പത്രിക തയ്യാറാക്കുന്നതിനായി ഡി.സി.ബി. തയ്യാറാക്കിയ നടപടി ക്രമപ്രകാരമല്ല. മാത്രമല്ല വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച് ഗ്രാമ പഞ്ചായത്തിലുള്ള കണക്കുകൾ വസ്തുതകൾക്ക് നിരക്കുന്നതല്ല എന്ന് വ്യക്തമാകുകയും ചെയ്യുന്നു. ജീവനക്കാരുടെ ശമ്പള വിതരണം മുടങ്ങുന്ന സാഹചര്യം നിലനിന്നിട്ടും വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. . വസ്തു നികുതി സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും യഥാവിധി തയ്യാറാക്കി സൂക്ഷിക്കുന്നതിനും, വസ്തു നികുതി സംബന്ധിച്ച് നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകൾ വസ്തു നികുതി ഒടുക്കുന്നില്ല. വൻ തുക കുടിശ്ശിക

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് 7 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും വ്യക്തമാകുന്നു. ഇതിൽ 5 ടവറുകളുടെ വസ്തു നികുതി പുതുക്കിയ നിരക്കിൽ( ച. മീറ്ററിന് 500 രൂപ) ഡിമാന്റ് ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 2 ടവറുകളുടെ നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചിട്ടുള്ളതിനാൽ നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്യുന്നതിന് സാധിക്കുന്നില്ല. ഡിമാന്റ്ചെയ്തിട്ടും നികുതി ഒടുക്കാത്ത ടവറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ടവർകമ്പനിയുടെപേര് | വാർഡ് നം/ കെട്ടിട നം | വിസ്തീർണ്ണം ച. മീറ്ററിൽ | നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത നികുതി | ലൈബ്രറി സെസ്സ് | വർദ്ധനവ്, ഇളവ് ശതമാനം | 15-16 സാമ്പത്തിക വർഷം വരെ ലഭിക്കേണ്ട നികുതി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | എസ്സാർ ടെലികോം | V111/ 281 | 75.57 | 37785 | 1889 | | 198370 |
| | ബി.എസ്.എൻ.എൽ | X11/444 | 4.84 | 2420 | 146 | വർദ്ധനവ് 20% | 12830 |
| | ഐഡിയ | 11/190 | 70.78 | 35390 | 1770 | | 185800 |
| | ഭാരതി | 11/321 | 46.10 | 23050 | 1153 | | 121015 |
| | ഭാരതി | V11/120A | 44.49 | 22245 | 1113 | | 116790 |
| | ആകെ | | | | | | 634805 |

മുകളിൽ സൂചിപ്പിച്ച എല്ലാ ടവറുകളും പരിശോധിച്ച് എൽ. എസ്. ജി. ഡി .വിഭാഗത്തിന്റെ സഹായത്തോടെ വിസ്തീർണ്ണം തിട്ടപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ നികുതി പുനർ നിർണ്ണയം നടത്തി ഡിമാന്റ് ചെയ്തിട്ടുണ്ട് എങ്കിലുംനാളിതുവരെ ഈടാക്കിയിട്ടില്ല. നികുതി ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മാണം പൂർത്തീകരിച്ച ടവറുകൾ ക്രമവത്കരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-4 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില തൃപ്തികരമല്ല

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില വളരെ മോശമായ സ്ഥിതിയിലാണ്. നികുതി/നികുതിയേതര വരവുകൾ, എസ്റ്റാബ്ലിഷ്-മെന്റ് ഇനത്തിലുള്ളതും ഭരണപരവുമായ ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല.

ഗ്രാമപഞ്ചായത്തിന് തുടർ വർഷങ്ങളിൽ വരുന്ന ശമ്പളം ഹോണറേറിയം എന്നീഇനങ്ങളിലുള്ള വർദ്ധനവിന് ആനുപാതികമായി തനത് വരുമാനം കൂട്ടുതലായി കണ്ടെത്തേണ്ടതായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷങ്ങളിലെ തനത് വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു (Income & Expenditure Statement പ്രകാരമുള്ളത്).

| *വരവ്* | *2015-16* | *ചെലവ്* | *2015-16* |
|---|---|---|---|
| വസ്തുനികുതി, സേവന നികുതി | 877184 | എസ്റ്റാബ്ലിഷ്-മെന്റ് ചെലവുകൾ | 1428715 |
| തൊഴിൽ നികുതി | 672460 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 424476 |
| വാടക | 29012 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 167918 |
| ഡി&ഒ | | ബാങ്ക് ചാർജ് | 7030 |
| ഫീസുകൾ | 75312 | | |
| പലിശ | 11669 | | |
| ആകെ | 1665637 | ആകെ | 2028139 |
| | | കമ്മി | 362502 |

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈവന്നിട്ടുള്ള ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാവാത്തതുമൂലം പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സ്ഥാപനം പരാജയപ്പെടുന്നു. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതിനാൽ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതും ചെലവു ചുരുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-5 ഡി&ഒ ട്രേഡ് ലൈസൻസ് അപാകതകൾ

2015-16 സാമ്പത്തിക വർഷം 108 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്.1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ചട്ടം 10 പ്രകാരം ഏതൊരു സ്ഥാപനവും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം

അവസാനിക്കുന്നതിന് 30 ദിവസം മുൻപായി ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2015-16 സാമ്പത്തിക വർഷം മേൽ ചട്ടപ്രകാരം ഒരു സ്ഥാപനം പോലും ലൈസൻസ് പുതുക്കിയിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ അപേക്ഷകളിലും ഭൂരിപക്ഷം അപേക്ഷകളിലും ആവശ്യം ഉണ്ടായിരിക്കേണ്ട വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വിറ്റുവരവ് രേഖപ്പെടുത്താതെ സമർപ്പിക്കുന്ന അപേക്ഷകളിൽ പോലും നാമമാത്രമായ നിരക്കിൽ ഫീസ് ഈടാക്കുകയാണ് ചെയ്തിട്ടുള്ളത്. തൻമൂലം നികുതി ചോർച്ച സംഭവിക്കുന്നു.അന്വേഷണ റിപ്പോർട്ടിൽ സ്ഥാപനത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ചേർക്കുന്നില്ല. ലൈസൻസ് ഫീസ് ഇനത്തിൽ29950 (28350രൂപലൈസൻസ് ഫീസ്+ 900അഡ്വാൻസ്+700മോട്ടോർ ഫീസ്) രൂപയാണ് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും അംഗീകാരം നേടി പ്രവർത്തിക്കേണ്ട പല സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഇത്തരം അനുമതിപത്രങ്ങൾ ഉള്ളടക്കം ചെയ്തിട്ടില്ല.ഇതുമൂലം സ്ഥാപനത്തിന് തൻവർഷം വിവിധ വകുപ്പുകളുടെ അംഗീകാരം ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ, ക്ഷീരോത്പാദക സംഘങ്ങൾ, റബർ ഉൽപാദക സംഘങ്ങൾ എന്നിവയൊന്നും നാളിതുവരെ ലൈസൻസ് പരിധിയിൽ വന്നിട്ടില്ല.ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഓഡിറ്റിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഡി&ഒ ലൈസൻസിനായി ശ്രീ.ഈപ്പൻ ഡോമിനിക് തെക്കേകണ്ടത്തിൽ എന്നയാൾ ഓയിൽ & ഫ്ലോർ മിൽ എന്ന സ്ഥാപനത്തിന്റെ ലൈസൻസിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിലെ നിബന്ധനകൾ പാലിച്ചിട്ടില്ല എന്ന കാരണത്താൽ ലൈസൻസ് നൽകിയില്ല. അപാകത പരിഹരിച്ച് സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്ന വിവരവും, ഇല്ലാ എങ്കിൽ സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരവും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 10ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനം ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നതായി മറുപടി ലഭ്യമാക്കി.1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ചട്ടം 26, 1996-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 255വകുപ്പ് പ്രകാരം സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2) ശ്രീ. അനിൽ എബ്രഹാം വടക്കേൽ എന്നയാൾ സമർപ്പിച്ച അപേക്ഷ പ്രകാരം എൽ.പി.ജി. ഗ്യാസ് ഗോഡൗൺ എന്ന് രേഖപ്പെടുത്തി ഒരു ദിവസത്തെ വിറ്റുവരവ് 500/രൂപ എന്ന് കാണിച്ച് ലൈസൻസിന് സമർപ്പിച്ച അപേക്ഷ പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം എൽ.പി.ജി. ഗ്യാസ് വിതരണ ഏജൻസിയാണോ എന്ന വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 10ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനം എൽ.പി.ജി. ഗ്യാസ് വിതരണ ഏജൻസിയാണ് എന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ പരമാവധി ഫീസ് ഇടാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതും, ഈ ഇനത്തിൽ ഉണ്ടാകുന്ന നികുതി നഷ്ടം അവസാനിപ്പിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 പരസ്യനികുതി പിരിക്കുന്നില്ല

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരം, പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും, 209(ഡി) വകുപ്പ് പ്രകാരം നികുതി പിരിക്കുവാനുള്ള അവകാശം, ഇതേ നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലാകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിന്മേലും നിബന്ധനകളിന്മേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ രൂപീകരിച്ച് അംഗീകാരം വാങ്ങുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്കു മുതൽ കൂട്ടുന്നതിനു ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21.02.2013-ലെ WP(C) നമ്പർ 27011/2012 നമ്പർ

ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ 25.10.2013-ൽ പുറപ്പെടുവിച്ച എൽ.എസ്.ജി.(ആർ.സി) വകുപ്പിന്റെ 71806/RC2/2012/LSGD നമ്പർ സർക്കുലർ പ്രകാരം ഗതാഗത തടസ്സ മുണ്ടാക്കുന്ന രീതിയിൽ റോഡുകൾ, റോഡരികുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ, ഹോർഡിംഗുകൾ, കമാനങ്ങൾ എന്നിവ നീക്കം ചെയ്യണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. സുഗമമായ ഗതാഗതത്തിന് വിഘാതം

സൃഷ്ടിക്കുന്ന തരത്തിൽ വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും കാഴ്ച തടസ്സപ്പെടുത്തിക്കൊണ്ടും അപകടകാരണമായേക്കാവുന്ന രീതിയിലും ട്രാഫിക് ഐലന്റ്, മീഡിയൻ, ഫുട് പാത്ത് തുടങ്ങി ഏതിടങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ സ്വമേധയാ ഗ്രാമ പഞ്ചായത്തിനു നീക്കം ചെയ്യാവുന്നതാണെന്നും ഇതിനുള്ള ചെലവുകൾ ടി സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാമെന്നും നിർദ്ദേശിക്കുന്നു. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലാ ഉപയോഗിച്ചുള്ള പരസ്യ നികുതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതും ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിച്ച് സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കിക്കൊണ്ട് അനധികൃത പരസ്യങ്ങൾ ഒഴിവാക്കാവുന്നതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2015-16 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഓഡിറ്റ് തുടങ്ങിയ 1.12.16 ൽ സെക്രട്ടറിയ്ക്ക് റിക്വിസിഷൻ നൽകിയിരുന്നു എങ്കിലും ഫയലുകൾ ഹാജരാക്കിയില്ല. തുടർന്ന് 2.12.16ൽ സെക്രട്ടറി മുഖാന്തിരം ഫയലുകൾ 3.12.161 P.M.ന് മുൻപായി ഹാജരാക്കാൻ ആവശ്യപ്പെട്ട് വീണ്ടും റിക്വിസിഷൻ നൽകുകയുണ്ടായി. നിശ്ചിത സമയമായ 3.12.161 P.M.ന് മുൻപായി ഫയലുകൾ ഹാജരാക്കാത്തതിനാൽ റൂൾ 8 സബ്റൂൾ (2)പ്രകാരംമ ഫോറം 111ൽ ഫയലുകൾ 7.12.16 – ന മുൻപ്പയലുകൾഹാജരാക്കണംഎന്നാവശ്യപ്പെട്ട് സെക്രട്ടറി മുഹാന്തിരം സമൻസ് നൽകുതയുണ്ടായി. 7.12.16 ൽ വി.ഇ.ഒ ജോൺസൺ ജോർജ്.കെ ഓഡിറ്റിൽ ഹാജരായി രേഖാമൂലം നൽകിയ കത്ത് പ്രകാരം ഫയലുകൾ ഹാജരാക്കുന്നതിന് 15 ദിവസത്തെ സാവകാശം ആവശ്യപ്പെടുകയാണ് ചെയ്തിട്ടുള്ളത്.വിവിധ വൗച്ചറുകളിലായി 3909600രൂപ വിവിധ ഫണ്ടുകളിൽ നിന്നും വി.ഇ.ഒ.യ്ക്ക് നൽകിയിട്ടുണ്ട്.ടിയാന് അനുവദിച്ച് നൽകിയ തുകയും ട്രഷറി ബിൽ ബുക്ക് പ്രകാരം പിൻവലിച്ചിട്ടുള്ള തുകയുടെ വിവരവും ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് ബിൽ ബുക്ക് പ്രകാരം അനുവദിച്ചുനൽകിയ തുക

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | പ്രോജക്ട് നം | പേര് | തുക |
|---|---|---|---|---|---|
| 1 | 21500424 | 16-12-15 | 69/16 | വീട് പുനരിദ്ധാരണം (ജനറൽ) | 325000 |
| 2 | 21500425 | 16-12-15 | 68/16 | വീട് പുനരിദ്ധാരണം (S.C.P) | 25000 |
| 3 | 21500426 | 16-12-15 | 14/16 | കുടിവെള്ള കിണർ (ജനറൽ) | 68000 |
| 4 | 21500479 | 4.1.16 | 76/16 | വികലാംഗർക്ക് പെട്ടിക്കട T.S.P | 25000 |
| 5 | 21500481 | 4.1.16 | 71/16 | വീടിനുവേണ്ടി വ്യക്തികൾ സ്വയം സ്ഥലം വാങ്ങൽ T.S.P | 300000 |
| 6 | 21500482 | 4.1.16 | 19/16 | I.A.Y.അധിക വിഹിതം (ജനറൽ) | 160000 |
| 7 | 21500484 | 4.1.16 | 20/16 | I.A.Y.അധിക വിഹിതം(S.C.P) | 160000 |
| 8 | 21500485 | 4.1.16 | 14/16 | കുടിവെള്ള കിണർ (ജനറൽ) | 51000 |
| 9 | 21500483 | 4.1.16 | 21/16 | I.A.Y.അധിക വിഹിതം(T.S.P) | 520000 |

| | | | | | |
|---|---|---|---|---|---|
| 10 | 21500480 | 4.1.16 | 75/16 | കുടിവെള്ള കിണർ(T.S.P) | 20000 |
| 11 | 21500492 | 16.1.16 | 94/16 | കക്കൂസ് നിർമ്മാണം(T.S.C) | 468000 ചെക്ക് നം 18899/16.1.16 |
| 12 | 21500503 | 28.1.16 | 69/16 | വീട് പുനരുദ്ധീരണം (ജനറൽ) | 775000 |
| 13 | 21500602 | 29.2.16 | 71/16 | വീടിനുവേണ്ടി വ്യക്തികൾ സ്വയം സ്ഥലം വാങ്ങൽ T.S.P | 150000 |
| 14 | 21500603 | 29.2.16 | 69/16 | വീട് പുനരിദ്ധാരണം (ജനറൽ) | 50000 |
| 15 | 21500604 | 29.2.16 | 94/16 | കക്കൂസ് നിർമ്മാണം(C.F.C) | 32600 |
| 16 | 21500692 | 28.3.16 | 71/16 | വീടിനുവേണ്ടി വ്യക്തികൾ സ്വയം സ്ഥലം വാങ്ങൽ T.S.P | 150000 |
| 17 | 21500693 | 28.3.16 | 75/16 | കുടിവെള്ള കിണർ(T.S.P) | 20000 |
| 18 | 21500694 | 28.3.16 | 14/16 | കുടിവെള്ള കിണർ (ജനറൽ) | 68000 |
| 19 | 21500695 | 28.3.16 | 69/16 | വീടിനുവേണ്ടി വ്യക്തികൾ സ്വയം സ്ഥലം വാങ്ങൽ T.S.P | 200000 |
| 20 | 21500712 | 30.3.16 | 14/16 | കുടിവെള്ള കിണർ (ജനറൽ) | 17000 |
| 21 | 21500713 | 30.3.16 | 71/16 | വീടിനുവേണ്ടി വ്യക്തികൾ സ്വയം സ്ഥലം വാങ്ങൽ T.S.P | 150000 |
| 22 | 21500721 | 31.3.16 | 69/16 | വീട് പുനരിദ്ധാരണം (ജനറൽ) | 75000 |
| | ആകെ | | | | 3909600 |

ട്രഷറി ബിൽ ബുക്ക് പ്രകാരം പിൻവലിച്ച തുക

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 3 /15-16 | 15.12.15 | 325000 |
| 2 | 4 /15-16 | 13.12.15 | 25000 |
| 3 | 6 /15-16 | 15.12.15 | 68000 |
| 4 | 8 /15-16 | 31.12.15 | 20000 |
| 5 | 9 /15-16 | 31.12.15 | 300000 |
| 6 | 10 /15-16 | 31.12.15 | 25000 |

| | | | |
|---|---|---|---|
| 7 | 12 /15-16 | 31.12.15 | 51000 |
| 8 | 16 /15-16 | 18.1.16 | 160000 |
| 9 | 17 /15-16 | 18.1.16 | 160000 |
| 10 | 18 /15-16 | 18.1.16 | 520000 |
| 11 | 20 /15-16 | 27.1.16 | 775000 |
| 12 | 21 /15-16 | 27.2.16 | 132600 |
| 13 | 22 /15-16 | 27.2.16 | 150000 |
| 14 | 23/15-16 | 27.2.16 | 50000 |
| 15 | 24 /15-16 | 22.3.16 | 20000 |
| 16 | 25 /15-16 | 22.3.16 | 68000 |
| 17 | 26 /15-16 | 22.3.16 | 200000 |
| 18 | 27 /15-16 | 22.3.16 | 150000 |
| 19 | 28 /15-16 | 22.3.16 | 17000 |
| 20 | 29 /15-16 | 22.3.16 | 150000 |
| 21 | 30 /15-16 | 29.3.16 | 75000 |
| 22 | 31 /15-16 | 31.3.16 | 150000 |
| | ആകെ | | 3591600 |

ബിൽ ബുക്ക്പ്രകാരമുള്ള 3591600രൂപയും ചെക്ക് നമ്പർ 18899/16.1.16 പ്രകാരം ലഭിച്ച 468000രൂപയും ഉൾപ്പടെ വി.ഇ.ഒ. 4059600/രൂപ ചെലവഴിച്ചിട്ടുണ്ട്. ഐ.കെ.എം. പത്രിക പ്രകാരവും, ബിൽ രജിസ്റ്റർ പ്രകാരവും ചെലവ് 3909600/രൂപ മാത്രമാണ്. 150000/രൂപയുടെ ചെലവ് ബുക്ക് ചെയ്തിട്ടില്ല എന്ന് വ്യക്തമാകുന്നു. ഫയലുകളും രേഖകളും അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് ഏഴാം തീയതി നൽകിയ സമൻസിന് ടിയാൻ നേരിൽ ഹാജരായി വിശദീകരണം നൽകുകയും 7.12.16 മുതൽ 15 ദിവസം ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ടി തീയതിക്കകവും വൗച്ചറുകളും ഫയലുകളും ഹാജരാക്കാത്ത സാഹചര്യത്തിൽ ഈ വകുപ്പ് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഈ സാഹചര്യത്തിൽ ചെലവിട്ട 4059600 രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 എച്ച്.എം. നിർവ്വഹണം നടത്തിയ വിവിധപ്രോജക്ടുകൾ അപാകതകൾ എച്ച്.എം. നിർവ്വഹണം നടത്തിയ വിവിധപ്രോജക്ടുകൾ അപാകതകൾ

2015-16 സാമ്പത്തിക വർഷം ഹെഡ്മാസ്റ്റർ നടപ്പാക്കിയ പ്രോജക്ടുകളിൽ നടപ്പാക്കിയതിൽ നിരവധി അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. പ്രോജക്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നം / പേര് | ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ബിൽനം-തീയതി |
|---|---|---|---|---|---|
| 1 | S086/16 പത്താം ക്ലാസിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ | എസ്.സി.പി | 78000 | 28786 | 5/15-16/ 22.3.16 |
| 2 | S087/16 പത്താം ക്ലാസിൽ പഠിക്കുന്ന പട്ടിക വർഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ | റ്റി.എസ്.പി | 210000 | 124780 | 6/15-16 /22.3.16 |
| 3 | S13/16 പട്ടിക വർഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ | റ്റി.എസ്.പി | 140000 | 81893 | 8/15-16 /28.3.16 |

| | | | | | |
|---|---|---|---|---|---|
| 4 | S012/16പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ | എസ്.സി.പി | 60000 | 31198 | 7/15-16 /28.3.16 |
| | | ആകെ | | 266657 | |

1) ഗുണഭോക്തൃലിസ്റ്റുകൾക്ക് ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയിട്ടില്ല.

2) സ്കൂളുകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ലിസ്റ്റ് പ്രകാരം കുട്ടികളുടെ പേര് മാത്രമാണ് ലഭ്യമായിട്ടുള്ളത്. കുട്ടികളെ തിരിച്ചറിയുന്നതിനുള്ളരേഖകളുടെ ( ആധാർ കാർഡ്)പകർപ്പ്, കുടുംബപരമായ വിവരങ്ങൾ എന്നിവയൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

3) കുട്ടികളുടെ ജാതി തെളിയിക്കുന്നതിനുള്ള ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

4) ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരം ലഭ്യമല്ല.

5) ക്രമ നമ്പർ 1, 2,എന്നിവ പ്രകാരം പത്താം ക്ലാസിൽ പഠിക്കുന്ന പട്ടിക ജാതി / പട്ടിക വർഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം നടത്തിയത് 19-03-2016ൽ ആണ്. അതായത് കുട്ടികൾ പത്താം ക്ലാസ്സ് പഠനം പൂർത്തീകരിച്ച് പരീക്ഷയും കഴിഞ്ഞതിനുശേഷമാണ്.

6) S0012/16,S0013/16,എന്നീ പ്രോജക്ടുകൾ പ്രകാരം മേശ, കസേര എന്നിവയ്ക്ക് ക്വട്ടേഷൻ

ക്ഷണിച്ചപ്പോൾ ഇവയുടെ സ്പെസിഫിക്കേഷൻസ് (നിർമ്മിച്ചത് തടി/സ്ററീൽ, അളവുകൾ മുതലായവ)

വ്യക്തമാക്കാതിരുന്നതിനാൽ ക്വട്ടേഷൻ ഫലപ്രദമായില്ല.

മേൽ അപാകതകൾക്ക് അടിയന്തിരമായി വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-7ന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് കമ്മറ്റി ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കാത്ത സാഹചര്യത്തിലും മറ്റ് അപാകതകളുടെ അടിസ്ഥാനത്തിലും ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു. ആവശ്യമായ വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കാത്ത സാഹചര്യത്തിൽ തുക നിരാകരിക്കുന്നതാണ്.

## 3-3 ട്രൈബൽ കോംപ്ലക്സ്- പഞ്ചായത്തിന്റേതല്ലാത്ത വസ്തുവിൽ നിർമ്മിച്ചത്

2012-13 ,2013-14 വർഷങ്ങളിലെ പദ്ധതിയിൽപ്പെടുത്തി ഗ്രാമ പഞ്ചായത്തിന്റെ 2000000/രൂപയും, ജില്ലാ പഞ്ചായത്തിന്റെ 1000000/രൂപയും ചെലവഴിച്ച് പണിപൂർത്തീകരിച്ച താണ് ട്രൈബൽ കോംപ്ലക്സ് കെട്ടിടം. 2015-16സാമ്പത്തിക വർഷം പ്രോജക്ട് നം-S118/16 പ്രകാരം 203175/രൂപ (റ്റി.എസ്.പി. 200000/രൂപ + തനത് ഫണ്ട് 3175/രൂപ വകയിരുത്തി 122071രൂപ ചെലവഴിച്ച് ( ബിൽ നം-38/15-16 തീയതി 23.3.16) കെട്ടിടം വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ താഴത്തെ നിലയിലുള്ള മുറികൾ വിപണന കേന്ദ്രത്തിന് കൈമാറുന്നില്ല എന്ന ശ്രീ. സി.ഐ. ഐസക്കിന്റെ പരാതിയിൽ എസ്. സി./എസ്.റ്റി കമ്മീഷണർ ഹിയറിംഗിന് വിളിച്ചതിൻ പ്രകാരം 22.01.2016ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റി വിഷയം ചർച്ച ചെയ്യുകയും, കമ്മറ്റിയുടെ രണ്ടാം നമ്പർ തീരുമാന പ്രകാരം കെട്ടിടം നിർമ്മിച്ച സ്ഥലം വില്ലേജ് റിക്കാർഡുകൾ പ്രകാരം സർക്കാർ പുറമ്പോക്കായതിനാൽ കെട്ടിടത്തിന് നമ്പരിട്ട് നൽകുന്നതിന് സാധിക്കുന്നില്ല എന്നും ടി സ്ഥലം പഞ്ചായത്തിന് വിട്ട് കിട്ടുന്നതിന് ജില്ലാ കളക്ടറോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. കെട്ടിട നിർമ്മാണം നടത്തുന്നതിന് മുൻപ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിക്ഷിപ്തമാണ് എന്ന് ഉറപ്പാക്കാതെ കെട്ടിട നിർമ്മാണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-5ന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് ഉടമസ്ഥതയിലല്ലാത്ത വസ്തുവിൽ കെട്ടിടനിർമാണം നടത്തിയത് സംബന്ധിച്ച് ഉത്തരവാദികളായവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വൈദ്യുതീകരിക്കാത്ത സ്ഥാപനങ്ങൾക്ക് വൈദ്യുത ഉപകരണങ്ങൾ വാങ്ങി

2015-16 സാമ്പത്തികവർഷം ഐസി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അംഗനവാടികൾക്ക് വൈദ്യുത ഉപകരണങ്ങൾ വാങ്ങുകയുണ്ടായി.പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 141/2016<br>അംഗനവാടികൾക്ക് അനുബന്ധ ഉപകരണങ്ങൾ |

| | |
|---|---|
| | (ഫാൻ,ലൈറ്റ് മുതലായവ) |
| വികസനഫണ്ട്(ജനറൽ) | 24533 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11087 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 24380 (ചെലവ്-23015) |
| ബിൽ നമ്പർ/തീയതി | 6/15-16 .11087.20.02.16 |
| | 7/15-16.24533.20.02.16 |
| | 9/15-16.15-16.23015.20.02.16 |

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 14 അംഗനവാടികളിൽ 2 എണ്ണം മാത്രമാണ് വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ളത്.എന്നാൽ വൈദ്യുതീകരിക്കാത്ത സ്ഥാപനങ്ങൾക്കായി വൈദ്യുതി ഉപകരണങ്ങൾ വാങ്ങുക വഴി അധികൃതർ തുക പാഴായി വിനിയോഗിക്കുകയാണ് ചെയ്തത് എന്ന ഓഡിറ്റ് വിലയിരുത്തുന്നു.അംഗനവാടികൾക്കായി വാങ്ങിയ വൈദ്യുത ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | സി.എഫ്.എൽ ലൈറ്റ്സ് | 22 |
| 2 | സീലിങ്ങ് ഫാൻ | 11 |
| 3 | വാൾ ഫാൻ | 12 |

മേൽ വൈദ്യുത ഉപകരണങ്ങൾ എല്ലാംതന്നെ അംഗനവാടികളിൽ എത്തിച്ച് സ്ഥാപിച്ചിട്ടുണ്ട്.എന്നാൽ വൈദ്യുതിയുടെ അഭാവം മൂലം അവ നിഷ്ക്രിയമായി ഇപ്പോഴും നിലകൊള്ളുന്നു.പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ അവശ്യാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടോ എന്ന പരിശോധിക്കാത്തത് മൂലം പദ്ധതി യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെടുന്നു.പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഇത്തരത്തിലുള്ള പാളിച്ചകൾ സംഭവിക്കാതിരിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.പ്രവൃത്തികൾക്കായി ചെലവഴിച്ച 48665 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 പഴയ ഫോട്ടോസ്റ്റാറ്റ് മെഷീൻ നാളിതുവരെ ലേലം നടത്തിയില്ല

2015-16 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് ഓഫീസിന് പുതിയ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുകയുണ്ടായി.പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 138/16 |
| ഫണ്ടിനം (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | 90000 |
| ബിൽ നമ്പർ/ തീയതി | 23/15-16-77820. തീയതി.12.02.2016 |

നിലവിലുണ്ടായിരുന്ന പഴയ ഫോട്ടോസ്റ്റാറ്റ് മെഷീൻ പൊതുമരാമത്ത് വകുപ്പിന്റെ ഇലക്ട്രോണിക് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ പരിശോധിച്ച് വിലനിർണ്ണയം നടത്തിയിട്ടുണ്ട്(5000 രൂപ).എന്നാൽ പ്രസ്തുത ഉപകരണം നാളിതുവരെ ലേലം നടത്തി തുക സമാഹരിച്ച് പഞ്ചായത്തിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ അധികൃതർ നാളിതുവരെ സ്വീകരിച്ചിട്ടില്ല.ആയതിലേക്കാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുന്നില്ല

അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എല്ലാ വർഷവും മെയ് മാസം പത്താം തീയതിയ്ക്ക് മുൻപ് തദ്ദേശ സ്ഥാപനത്തിലെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടത്തിൽ ഉൾപ്പെടെ പ്രവർത്തിക്കുന്ന

എല്ലാ അങ്കണവാടികളും സന്ദർശിച്ച് അവയുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തി സർട്ടിഫിക്കേറ്റ് നൽകണമെന്നും തദ്ദേശ സ്ഥാപനത്തിന്റെ അധ്യക്ഷൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, എഞ്ചിനീയർ, അങ്കണവാടി വർക്കർമാർ എന്നിവർ അടങ്ങുന്ന സമിതി മെയ് മാസം മുപ്പതിനകം ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണെന്ന് 22.03.2011-തീയതിയിലെ 31055/$DC_2$/2011/LSGD നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 14 അങ്കണവാടികളും ഫിറ്റ്നെസ്സ് ഇല്ലാതെയാണ് പ്രവർത്തിച്ചു വരുന്നത്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 07.12.2016-ന് ഓഡിറ്റ് എൻക്വയറി നൽകി. അങ്കണവാടികളുടെ ഫിറ്റ്നെസ്സ് പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയെങ്കിലും നടപടി സ്വീകരിച്ചിട്ടില്ലെന്ന മറുപടിയാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ നൽകിയത്. സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ യാതൊരു കാരണവശാലും അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ലെന്നിരിക്കെ ഈ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായ ഗുരുതരമായ വീഴ്ചയാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-7 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം ബുദ്ധിമുട്ടുകയാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 14 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 2 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 14 |
| ചുറ്റുമതിൽ ഉള്ളവ | 8 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 2 |
| കുടിവെള്ളം ലഭ്യമായവ | 2 |

12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രാധാന്യം നൽകേണ്ടതാണ് [സ.ഉ(എം.എസ്) നമ്പർ 362/2013 ത.സ്വ.ഭ.വ, തീയതി.16.11.2013-അനുബന്ധം-1, ഖ-9-1]. എന്നാൽ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ അധികാരവികേന്ദ്രീകരണം നടപ്പാക്കി ഒന്നര ദശാബ്ദം പിന്നിട്ടിട്ടും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സാധിച്ചിട്ടില്ലെന്നുള്ളത് ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളോടുള്ള അവഗണന വ്യക്തമാക്കുന്നു. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്.

## 3-8 തടിക്കാട് കുടിവെള്ള പദ്ധതി- വാട്ടർ ടാങ്ക് ഉപയോഗപ്രദമാക്കിയിട്ടില്ല- നിഷ്ഫല ആസ്തിയാകുവാൻ സാദ്ധ്യത

2015-16 വർഷത്തെ പദ്ധതിയുടെ ഭാഗമായി S0085/16 ആയി 444740രൂപ അടങ്കലായി (വികസനഫണ്ട്) അംഗീകാരം ലഭിച്ച പദ്ധതിയാണ് തടിക്കാട് കുടിവെള്ള പദ്ധതി (റ്റി.എസ്സ്.പി). കൺവീനർ ശ്രീ. തോമസ് സാമുവലിന് 411153/രൂപയും നികുതി ഉൾപ്പടെ മറ്റു ചിലവുകൾക്കായി 33587/രൂപയും സഹിതം അടങ്കൽ തുക പൂർണ്ണമായും ചെലവിട്ടു. (ഡി.ഡി.നം-907800/ Dt.5.4.16)

1Vാം വാർഡിൽ പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥലത്ത് 13.90മീറ്റർ സമചതുരത്തിലും 2.60മീറ്റർ ഉയരത്തിലും കോൺക്രീറ്റ് ടാങ്ക് നിർമ്മിച്ച് ജലം സംഭരിച്ച് വിതരണം ചെയ്യുന്നതിനുവേണ്ടി തയ്യാറാക്കിയ പദ്ധതിയിൽ ടാങ്ക് നിർമ്മിക്കുക മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. 7.12.16ൽ പഞ്ചായത്ത് അധികൃതരുടേയും , സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടേയും

സാന്നിദ്ധ്യത്തിൽ പദ്ധതി നിർവ്വഹണം നടത്തിയ സ്ഥലം സന്ദർശിച്ച് പരിശോധന നടത്തിയതിൽ ടാങ്ക് നിർമ്മിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മഴവെള്ളം കൊണ്ട് ടാങ്ക് നിറഞ്ഞ് കിടക്കുന്നതും ശ്രദ്ധയിൽപ്പെട്ടു. എന്നാൽ ടാങ്കിലേക്ക് ജലം എത്തിക്കുന്നതിനോ , ടാങ്കിൽ നിന്നും ജലം വിതരണം ചെയ്യുന്നതിനോ യാതൊരു സംവിധാനവും ഇല്ല. ടാങ്കും, ടാങ്ക് നിൽക്കുന്ന സ്ഥലവും പഞ്ചായത്തിന്റെ സ്വത്താണ് എന്ന് വ്യക്തമാക്കുന്ന ബോർഡ് സ്ഥാപിച്ചിട്ടില്ല. തുടർപ്രവർത്തനങ്ങൾ നടത്തി കുടിവെള്ളപദ്ധതി ഉപയോഗപ്രദമാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. നാല് ലക്ഷത്തിലധികം രൂപ ചെലവഴിച്ചിട്ടുള്ള പദ്ധതി നിഷ്ക്രിയ ആസ്തിയായി പരിണമിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 വിനിയോഗ/ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു

2015-16 സാമ്പത്തിക വർഷം നടപ്പാക്കിയ വിവധ പ്രോജക്ടുകളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നമ്പർ | ചെലവ് തുക | ബിൽ നമ്പർ | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | പാണ്ടിയമ്മാവ് കല്ലുവെട്ടം റൂട്ടിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ S0158/16 | 56100 | 31/15-16/ 26.3.16 | K.S.E.B. Erattuhetta Section |
| 2 | ഇടമറുക് രാജീവ് കോളനി ബോർവെൽ നിർമ്മാണം | 75000 | 29/15-16/ 16.3.16 | ഗ്രൗണ്ട് വാട്ടർ അതോറിറ്റി കോട്ടയം |
| 3 | പീടികക്കൽ എഴുകിലാനിക്കൽ കല്ലുവെട്ടം ഭാഗത്ത് കുഴൽ കിണർ നിർമ്മാണം | 101000 | 28/15-16 /16.3.16 | ഗ്രൗണ്ട് വാട്ടർ അതോറിറ്റി കോട്ടയം |
| 4 | ഐ.എ.വൈ.ജനറൽ | 1480000 | 35/15-16 /31.3.16 | ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ് |
| | | | 36/15-16 /31.3.16 | |
| 5 | ഐ.എ.വൈ.റ്റി.എസ്.പി | 130000 | 37/15-16 /31.3.16 | ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ് |
| | ആകെ | 1842100 | | |

വിനിയോഗ പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ 1842100 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 കോൺക്രീറ്റ് മിശ്രിതം നല്കുന്നതിൽ അധിക നിരക്ക്

DSR പ്രകാരം കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മണലിന് (fine Agrigate)സി.പി.ഡബ്ള്യ.ഡി സ്പെസിഫിക്കേഷൻ 2009 3-1-3-3 പ്രകാരം കൃത്യമായ ഗ്രേഡിംഗ് നിശ്ചയിച്ചിട്ടുണ്ട്. (ഗ്രേഡിംഗ് സോൺ 1,11,111&1V). ഇതിൽ ഗ്രേഡിംഗ് സോൺ 1,11,111 പാലിക്കുന്ന ആറ്റുമണൽ, സ്റ്റോൺ ഡസ്റ്റ് (പാറമണൽ) എന്നിവ കോൺക്രീറ്റിംഗിന് ഉപയോഗിക്കാം. കൂടാതെ ഗ്രേഡിംഗ് സോൺ 1Vആയ മണൽ ഉപയോഗിച്ച് 1:4:8കോൺക്രീറ്റും ചെയ്യുന്നതിന് തടസ്സമില്ല. എന്നാൽ രേഖകൾ പ്രകാരം പഞ്ചായത്തിലെ കോൺക്രീറ്റ് പ്രവൃത്തികൾക്ക് മുഴുവൻ ഉപയോഗിച്ചിട്ടുള്ളത്. സ്റ്റോൺ ഡസ്റ്റ് (പാറമണൽ) ആണ്. ഇതിന് ക്രമനമ്പർ 1159പ്രകാരം പ്രത്യേക നിരക്ക് DSRൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡാറ്റ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും ആറ്റുമണലിനുള്ള (കോഴ്സ് സാൻഡ്) നിരക്കാണ് നൽകിയിട്ടുള്ളത്. കൂടാതെ ഗ്രേഡിംഗ് നിർണ്ണയവും നടത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ഗ്രേഡിംഗ് സോൺ 1Vആയ പാറമണലിന് അനുവദനീയമായ നിരക്ക് മാത്രമാണ് കോൺക്രീറ്റ് വേലകൾക്ക് നൽകാൻ കഴിയൂ. മേലുകാവ് പഞ്ചായത്തിൽ 1:4:8 കോൺക്രീറ്റിംഗ് 247.89 എം. ക്യൂബ് അളവിലും, 1:2:4 കോൺക്രീറ്റിംഗ് -186.56 എം.ക്യൂബ് അളവിലും നിർവഹിച്ചിട്ടുണ്ട്.

ഇപ്രകാരം മേൽത്തരം മണലിന്റെ നിരക്ക് നൽകി സാധാരണ പാറമണൽ ഉപയോഗിക്കുക മുഖാന്തിരം 1:4:8 കോൺക്രീറ്റിംഗിന് എം.ക്യൂബ്ബ് 334.60 – രൂപയുടെ അധികച്ചെലവ് ഉണ്ടാകുകയും നിലവാരത്തകർച്ച ഉണ്ടാകുകയും ചെയ്യുന്നു. ആയതിനാൽ കൃത്യമായ ഒബ്സേർവ്ഡ് ഡേറ്റാ തയ്യാറാക്കി പ്രവൃത്തി ആസൂത്രണം ചെയ്ത് നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 3-11 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി- അധിക അളവ് രേഖപ്പെടുത്തി തുക നൽകി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

2015-16 വർഷം വിഭാവനം ചെയ്യതും എന്നാൽ 2016-17 വർഷം പ്രാവർത്തികമാക്കിയതുമായ 6 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിലും എം ബുക്കിലും അളവ് തെറ്റായി രേഖപ്പെടുത്തുക മുഖാന്തിരം അധികതുക നൽകാൻ ഇടയായി. നിശ്ചിത നീളത്തിലും, നിശ്ചിത വീതിയിലുമുള്ള പ്രദേശത്തിനും അതിനോടൊപ്പം ചേർന്നു നിൽക്കുന്ന കയ്യാലയുടെ നിശ്ചിത ഉയരത്തിലും നിലനിന്നിരുന്ന കാട് വെട്ടി മാറ്റുന്നതിന് നീളത്തെ വീതികൊണ്ട് ഗുണിച്ച് അളവ് രേഖപ്പെടുത്തുന്നതിന് പകരം നിളം X വീതി X പൊക്കം എന്ന രീതിയിൽ ഗണിതക്രിയ നടത്തി ചതുരശ്ര യൂണിറ്റിൽ തുക നൽകുക മുഖാന്തിരം അധക തുക നൽകുവാൻ ഇടയായി. ഉദാഹരണത്തിന് 75മീറ്റർ നീളമുള്ള പ്രദേശത്ത് 4മീറ്റർ വീതിയിൽ റോഡിലും 5മീറ്റർ ഉയരത്തിലുള്ള കയ്യാലയിലും ഉള്ള കാട് തെളിക്കുന്നതിന്റെ അളവ് 75X5X4= 1500M2എന്ന് രേഖപ്പെടുത്തി, എന്നാൽ യഥാർത്ഥ അളവ് 75(5+4)=675M2ആണ്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, എം ബുക്ക് നമ്പർ | എം ബുക്കിൽ രേഖപ്പെടുത്തിയ അളവ് | രേഖപ്പെടുത്താവുന്ന അളവ് | അധിക അളവ്, നിരക്ക് 2.04/m2 | അധിക ചെലവ് | ചെലവ് വിവരം |
|---|---|---|---|---|---|---|
| 1 | ഒന്നാം വാർഡിൽ പാണ്ടിയാംമാവ് ഭാഗത്ത് മരം വച്ച് പിടിപ്പിക്കൽ | 75X5x4= 1500m2 | 75(5+4) 675 M2 | 825M2 | 1683 | FTO 57835/14.10.10.15 AFTO57913/14.6.15 |
| 2 | 1ാം വാർഡിൽ കാഞ്ഞിരം കവല ഭാഗത്ത് മരം വെച്ച് പിടിപ്പിക്കൽ M.5/16-17 | 95x5x=1900M2 | 95(5+4)=855M2 | 1054M2 | 2732 | ; |
| 3 | 3ാം വാർഡിൽ വൃക്ഷ തൈ വച്ച് പിടിപ്പിക്കൽ M/6/16-17 | 110x5x4= 2200 | 110(5+4)= 855 m2 | 1045 m2 | 2132 | ; |
| 4 | 1V വാർഡിൽ മരം വെച്ച് പിടിപ്പിക്കൽ M16/16-17 | 110X5X4= 2200 | 110(5+4)= 990m2 | 1210M2 | 2468 | ; |
| 5 | v1വാർഡിൽ മരം വച്ചുപിടിപ്പിക്കൽ M/08/16-17 | 75X5X4= 1500M2 | 75(5+4)= 675m2 | 825m2 | 1683 | ; |
| 6 | X വാർഡിൽ മരം വച്ചുപിടിപ്പിക്കൽM/09 /16-17 | 70X5X4= 1400m2 | 70(5+4)= 630m2 | 770m2 | 1571 | ; |
| | ആകെ | | | | 12005രൂപ | |

പ്രസ്തുത തുക തിരികെ പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാൻ നിർദ്ദേശിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 11-ാം നമ്പരായി 8.12.16ൽ നൽകിയ ഓഡിറ്റ് എൻക്വയറി നൽകി എങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 12005രൂപ ഉത്തരവാദപ്പെട്ട അക്രഡിറ്റഡ് എൻജിനീയർ,

അസിസ്റ്റന്റ് എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. അധികച്ചെലവ് വന്നിട്ടുള്ളതിനാൽ തുക തടസ്സപ്പെടുത്തുന്നു.

## 3-12 മീഡിയാശ്രീ -പ്രോജക്ട് നടപ്പായില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനായി കുടുംബശ്രീ സംസ്ഥാന മിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച പദ്ധതിക്കായി പഞ്ചായത്ത് ഒടുക്കേണ്ടിയിരുന്ന 65000/രൂപ ബിൽ നം- 27/15-16/16.3.16 പ്രകാരം പിൻവലിച്ച് ഡി.ഡി.നം-906781 പ്രകാരം 19.3.16 ൽ ജില്ലാ കുടുംബശ്രീ ഓഫീസിൽ ഒടുക്കി. കുടുംബശ്രീ ജില്ലാ കോ-ഓർഡിനേറ്ററുമായി പഞ്ചായത്ത് സെക്രട്ടറി 18.2.16ൽ ഒപ്പിട്ട 24/15-16നമ്പർ കരാറിലെ ഒന്നാം നമ്പർ വ്യവസ്ഥ പ്രകാരം ഒന്നാം കക്ഷിയായ സെക്രട്ടറി രണ്ടാം കക്ഷി ലഭ്യമാക്കുന്ന സ്ഥാപനത്തെക്കുറിച്ച് തയ്യാറാക്കാൻ പോകുന്ന ചിത്രത്തിന്റെ തിരക്കഥ അംഗീകരിച്ച കത്തും സർക്കാർ പദ്ധതിക്കനുവദിച്ച തുകയും രണ്ടാം കക്ഷിക്ക് മുൻകൂട്ടി നൽകാൻ ഒന്നാം കക്ഷിക്ക് ഉത്തരവാദിത്തമുണ്ട് എന്ന് പ്രസ്താവിക്കുന്നു. ഇത് പ്രകാരം സ്ഥാപനത്തെക്കുറിച്ച് തയ്യാറാക്കാൻ പോകുന്ന ചിത്രത്തിന്റെ തിരക്കഥ ലഭ്യമാക്കിയതിന് ശേഷമാണ് തുക ഒടുക്കേണ്ടിയിരുന്നത്. എന്നാൽ നാളിതുവരെ അയത് ലഭ്യമായിട്ടില്ല. മാത്രമല്ല പ്രസ്തുത കരാറിലെ വ്യവസ്ഥ നം രണ്ട് പ്രകാരം തുക ലഭിച്ച് 60ദിവസത്തിനകം ഒന്നാം കക്ഷിയുടെ സ്ഥാപനത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി ചിത്രത്തിന്റെ 10 പകർപ്പ് ഒന്നാം കക്ഷിക്ക് രണ്ടാം കക്ഷി നൽകേണ്ടതാണ്. എന്നാൽ നാളിതുവരെ ആയത് ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ 65000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 തെരുവ് നായ്ക്കൾക്ക് വന്ധീകരണം- തുക വിനിയോഗിച്ചതിന്റെ രേഖയില്ല

| | |
|---|---|
| *പദ്ധതി നം.* | *160/2016* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *വെറ്റിനറി സർജൻ* |
| *വകയിരുത്തിയ തുക* | *115000* |
| *ജില്ലാപഞ്ചായത്തിന് നൽകിയത്* | *115000* |
| *ഡി.ഡി നം./ തീയതി* | *547145/28.09.15* |

നായ്ക്കളുടെ വർദ്ധനവ് തടയുന്നതിന് ആനിമൽ ബർത്ത് കൺട്രോൾ പരിപാടി നടപ്പിലാക്കുന്നതിന് ഭാഗമായി 115000രൂപ ജില്ലാ പഞ്ചായത്തിന് വിഹിതമായി നൽകിയിട്ടുണ്ട്. ഡി.ഡി.പി-യുടെ 23.12.2015-ലെ ജി2-5494/15-ാം നമ്പർ കത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ പദ്ധതി നടത്തിപ്പിന് നൽകിയ തുകയക്ക് നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം ലഭിയ്ക്കുന്നത് വരെ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-14 വിനിയോഗ രേഖയുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 8.6.2015-ലെ സ.ഉ(സാധാ.) 188/2015-ാം നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചാത്തുകളിലെ പെർഫോമൻസ് ഓഡിറ്റ് സംവിധാനം നവീകരിക്കുന്നതിന്റെ ഭാഗമായി ഓരോ പെർഫോമൻസ് യൂണിറ്റിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ എല്ലാ വർഷവും 10000/- രൂപ തനത് ഫണ്ടിൽ നിന്നും നീക്കിവെയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൽ പ്രകാരം മേലുകാവ് ഗ്രാമപഞ്ചായത്തിൽ നിന്നും 10000/- രൂപ ചെക്ക് നമ്പർ18884/14.12.2015 പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത തുകയ്ക്ക് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകണമെന്ന ഉത്തരവിലെ നിബന്ധന പാലിച്ചിട്ടില്ല. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നത് വരെ ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-15 അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് വിതരണം ചെയ്യുന്ന അമൃതം ന്യൂട്രി-മിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല. സാമൂഹിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 ലെ ഐ.സി.ഡി.എസ്. ബി-3-313/2010 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ വീതം

ന്യൂട്രി മിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുവാനും ഓരോ കുടുംബ ശ്രീ യൂണിറ്റുകളിൽ നിന്നും ഓരോ ബാച്ച് പ്രോഡക്റ്റിന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ശിശു വികസന ഓഫിസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. ഇതോടൊപ്പംതന്നെ 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികളിൽ നിന്നും പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്ന പോഷകാഹാരങ്ങളുടെ ഗുണ നിലവാരവും പരിശോധനാ വിധേയമാക്കുന്നതിനുമായി ഗ്രാമസഭാ യോഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ നാളിതുവരെ പാലിച്ചിട്ടില്ല. കുട്ടികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ന്യൂട്രി-മിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കേണ്ടതും നൽകുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനുള്ള മോണിട്ടറിംഗ് കമ്മിറ്റി അടിയന്തിരമായി രൂപീകരിക്കേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | ഇടമറുക്-രാജീവ്കോളനി ബോർവെൽ നിർമ്മാണം | 906779 | 75000 | 0 | 75000 |
| ഭൂജലവകുപ്പ് | പീടികക്കൽ-എഴുകിലാനിക്കൽകോളനി ബോർവെൽ നിർമ്മാണം | 906808 | 101000 | 0 | 101000 |
| കെ.എസ്.ഇ.ബി മൂലമറ്റം | സ്ട്രീറ്റ് ലൈറ്റ് | 907208/30.3.16 | 43890 | 43890 | 0 |
| കെ.എസ്.ഇ.ബി ഈരാറ്റുപേട്ട | പാണ്ടിയാമ്മാവ് കല്ലുവെട്ടം സ്ട്രീറ്റ് ലൈറ്റ് | 907334/30.3.16 | 56100 | 0 | 56100 |
| കെ.എസ്.ഇ.ബി ഈരാറ്റുപേട്ട | എള്ളുംപുറം മന്ദിരം കവലമുട്ടക്കല്ല് സ്ട്രീറ്റ്ലൈറ്റ് | 905616/1.1.16 | 100000 | 103846 | 0 |
| കെ.എസ്.ഇ.ബി ഈരാറ്റുപേട്ട | മേലുകാവ് പെരിങ്ങോലി പൂഞ്ചിറസ്ട്രീറ്റ് ലൈറ്റ് | 905617/1.1.16 | 103846 | 103846 | 0 |
| കെ.എസ്.ഇ.ബി ഈരാറ്റുപേട്ട | മേലുകാവ് തടിക്കാട്റോഡ് സ്ട്രീറ്റ് ലൈറ്റ് | 905618/1.1.16 | 103846 | 103846 | 0 |
| കെ.എസ്.ഇ.ബി ഈരാറ്റുപേട്ട | ഇടമറുക് കുറുമണ്ണ് റോഡ് സ്ട്രീറ്റ് ലൈറ്റ് | 905619/1.1.16 | 103846 | 103846 | 0 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 1999-00 | 4 സി | മൃഗസംരക്ഷണവിപുലീകരണ പ്രോജക്ടുകൾ- നിർവഹണത്തിലെ അപാകതകൾ | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 31110625 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29850193 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6419027 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4059600 | ശ്രീ. ജോൺസൺ ജോർജ് കെ., വി.ഇ.ഒ. ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി |
| 3-2 | 266657 | ശ്രീമതി ബീനാ ജി. നായർ, ഹെഡ്മിസ്ട്രസ്, പഞ്ചായത്ത് എൽ.പി.സ്കൂൾ |
| 3-4 | 48665 | ശ്രീമതി നളിനി കെ.കെ., ഐ.എസി.ഡി.എസ്. സൂപ്പർവൈസർ, മൂന്നിലവ് ഗ്രാമപഞ്ചായത്ത് |
| 3-9 | 1842100 | ശ്രീമതി ഷേർളി ജോൺ, സെക്രട്ടറി, മേലുകാവ് ഗ്രാമപഞ്ചായത്ത് |
| 3-11 | 12005 | ശ്രീ. സുജൻകുമാർ, എൻ.ആർ.ഇ.ജി.എസ്.അസിസ്റ്റന്റ് എൻജിനിയർ, മേലുകാവ് ഗ്രാമപഞ്ചായത്ത്<br>ശ്രീ. ജയിംസ് ജോർജ്, എൻ.ആർ.ഇ.ജി.എസ്. അസിസ്റ്റന്റ് എൻജിനിയർ, മേലുകാവ് ഗ്രാമപഞ്ചായത്ത് |
| 3-12 | 65000 | ശ്രീമതി ഷേർളി ജോൺ, സെക്രട്ടറി, മേലുകാവ് ഗ്രാമപഞ്ചായത്ത് |
| 3-13 | 115000 | ശ്രീമതി ഷേർളി ജോൺ, സെക്രട്ടറി, |

| | | |
|---|---|---|
| | | മേലുകാവ് ഗ്രാമപഞ്ചായത്ത് |
| 3-14 | 10000 | ശ്രീമതി ഷേർളി ജോൺ, സെക്രട്ടറി, മേലുകാവ് ഗ്രാമപഞ്ചായത്ത് |
| ആകെ | 6419027 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 92-93 | നം.എൽ.എഫ്.കെ.പി.2/757 /അദാ./14(1)19.2.15 | | |
| 94-95 | നം.എൽ.എഫ്.കെ.പി2/757 /അദാ./14(2)19.2.15 | | |
| 97-98 | നം.എൽ.എഫ്.കെ.പി.2/757 /അദാ./14(3) തീ.19.02.2015 | | |
| 98-99 | നം.എൽ.എഫ്.കെ.പി.7/799 /04/2-7-2004 | | |
| 00-01,01-02പ്ലാൻ | നം.എൽ.എഫ്.കെ.പി.7/767 /03/16-2-04/30.12.04 | | |
| 99-2000 | നം.എൽ.എഫ്.കെ.പി.2/അദാ. /14(4) തീ.19.02.15 | | |
| 92-02 (പ്ലാൻ) | നം.എൽ.എഫ്.കെ.പി.7/767 /03/16.12.04/30.12.04 | | |
| 2000-01 | നം.എൽ.എഫ്.കെ.പി.2/757 /അദാ/14(5) തീ.19.02.15 | | |
| 2001-02 | നംഎൽ.എഫ്.കെ.പി.2/757 /അദാ./14(6) തീ.19.2.15 | | |
| 2002-03 ചെലവ് | നം.എൽ.എഫ്.കെ.പി.3/207 /05/23-04-07 | | |
| 2003-04 | നം.എൽ.എഫ്.കെ.പി.3/1399 /07/22-6-09 | | |
| 2005-06 | നം.എൽ.എഫ്.കെ.പി.1/960 /അദാ./കെ/11 തീ.27.08.11 | | |
| 06-07 | നം.എൽ.എഫ്.കെ.പി.2/1240/11, 01.12.11 | | |

| | | | |
|---|---|---|---|
| 07-08 | നം.എൽ.എഫ്.കെ.പി2/270 /13/09.09.13 | | |
| 08-09 | നം.എൽ.എഫ്.കെ.പി.2/271 /13/09.09.13 | | |
| 2009-10 | നം.എൽ.എഫ്.കെ.പി.2/272 /13/07.05.14 | | |
| 10-11, 11-12 | നം.എൽ.എഫ്.കെ.പി.2/1668 /13/3.4.09 | | |
| 12-13, 13-14 | നം.എൽ.എഫ്.കെ.പി/2 /637/15/30.09. 15/06.10.15 | 20 | |
| 14-15 | കെ.എസ്.എ-കെ.ടി.എം.പി-2/1053/16 തീയതി25.7.16 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെഎസ്എ.കെടിഎം.പി.2/1908/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 22.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16- ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം